**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2858** **14-09-2023 - ൽ മറുപടിയ്ക്ക്**

**ടൈം ഓഫ് ദ ഡേ താരിഫ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതചാർജ്ജ് ഈടാക്കുന്നതിന് ടൈം ഓഫ് ദ ഡേ താരിഫ് സമ്പ്രദായം ബാധകമാക്കണമെന്ന് കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (എ) | ഉണ്ട്. 14.06.2023 - ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഊർജ്ജമന്ത്രാലയം വിജ്ഞാപനം ചെയ്തു പുറപ്പെടുവിച്ചിട്ടുള്ള Electricity (Right of Consumers) Amendment Rules, 2021 പ്രകാരം വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ടൈം ഓഫ് ഡേ (ToD) സമ്പ്രദായം ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഗാർഹിക ഉപഭോക്താക്കളെ ഈ നിർദ്ദേശം എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് 01.04.2025 - നു മുമ്പായി ടി.ഒ.ഡി (ToD) താരിഫ നടപ്പിലാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് നിലവിൽ തന്നെ പ്രതിമാസം 500 യൂണിറ്റിനു മുകളിൽ ശരാശരി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ടി.ഒ.ഡി താരിഫ പ്രകാരമാണ് ബില്ല് ചെയ്തു വരുന്നത് സാധാരണ നിരക്ക് പ്രകാരമുള്ള വൈദ്യുതി ചാർജ്ജും, ടി.ഒ.ഡി (ToD) താരിഫ് പ്രകാരമുള്ള വൈദ്യുതി ചാർജ്ജും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ടി വിഭാഗം ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഒന്നും തന്നെ വരുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് ടി.ഒ.ഡി താരിഫ സമ്പ്രദായം ഏർപ്പെടുത്തിയാൽ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കില്ല എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. |
| (സി) | പ്രസ്തുത നിർദ്ദേശം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ എച്ച്.റ്റി, ഇ.എച്ച്.റ്റി, എൽ.റ്റി വ്യവസായം (20 കിലോവാട്ടിനു മുകളിൽ) ഉപഭോക്താക്കൾക്ക് Time of Day സമ്പ്രദായ പ്രകാരമാണ് ബില്ല് നൽകുന്നത്. ഇതിനുപുറമേ പ്രതിമാസ ശരാശരി ഉപഭോഗം 500 |

| | | | |
|---|---|---|---|
| | | | യൂണിറ്റിനു മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി താരിഫ് പ്രകാരമാണ് ബില്ലു ചെയ്തു വരുന്നത്.<br><br>കേന്ദ്ര ഊർജ്ജമന്ത്രാലയം പുറപ്പെടുവിച്ച ഭേദഗതി പ്രകാരം, 10 കിലോ വാട്ടിന് മുകളിൽ മാക്സിമം ഡിമാൻഡ് ഉള്ള വാണിജ്യ/ വ്യവസായ ഉപഭോക്താക്കൾക്ക് 01.04.2024- നു മുമ്പായും, കാർഷിക ഉപഭോക്താക്കൾ ഒഴികെയുള്ള മറ്റെല്ലാ ഉപഭോക്താക്കൾക്കും 01.04.2025- നു മുമ്പായും ടി.ഒ.ഡി താരിഫ് ഏർപ്പെടുത്തണമെന്നും, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന ഉപഭോക്താക്കൾക്ക്, സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന മുറയ്ക്ക് ടി.ഒ.ഡി. താരിഫ് ബാധകമാക്കണമെന്നും നിഷ്കർഷിക്കുന്നു.<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്.<br><br>എന്നാൽ, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ഭേദഗതി പ്രകാരം ടി.ഒ.ഡി താരിഫ് വ്യാപകമാക്കാനുള്ള ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ ഭേദഗതി പ്രകാരം പുതുതായി ഉപഭോക്താക്കൾക്കൊന്നും തന്നെ ടി.ഒ.ഡി താരിഫ് ബാധകമാക്കാനുള്ള തീരുമാനങ്ങൾ നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ